**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3876** **06-08-2021 - ൽ മറുപടിയ്ക്ക്**

**അരുണാപുരം ചെക്ക്ഡാം കം ബ്രിഡ്ജ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലാ മണ്ഡലത്തിലെ അരുണാപുരം ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം പുതുതായി ടെണ്ടർ ചെയ്തിട്ടുണ്ടോ; പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുമോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (എ) | 16/02/2021-ലെ സ.ഉ(സാധാ)117/2021/ജവിവ നമ്പർ ഉത്തരവ് പ്രകാരം അരുണാപുരം ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണത്തിനുള്ള റീ ടെൻഡർ നടപടികൾ സ്വീകരിക്കുവാൻ പദ്ധതി വിഭാഗം-2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. 28.02.2021 ൽ ചീഫ് എഞ്ചിനീയർ, ഐഡിആർബി ചെക്ക് ഡാം സ്ഥിതിചെയ്യുന്ന സ്ഥലം സന്ദർശിക്കുകയും നിർദ്ദിഷ്ട സ്ഥലത്ത് ഏതൊരു നിർമ്മിതിയുടെയും Structural stability ഉറപ്പാക്കാൻ സാധിക്കുകയില്ല എന്നും ആയതിനാൽ മിനിഡാം കം ആർസിബി നിർദ്ദിഷ്ട സ്ഥലത്ത് പണിയുന്നതിനുള്ള സാദ്ധ്യത പുന:പരിശോധിക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. ആയതിനാൽ Structural stability ഉറപ്പാക്കാനാവുന്ന അനുയോജ്യമായ സ്ഥലം കണ്ടെത്തി, Structure രൂപകല്പന ചെയ്ത് നടപ്പാക്കുന്നതാണ് ഉചിതം. ടി പ്രവൃത്തിയിൻമേൽ നേരിട്ടിരിക്കുന്ന സാങ്കേതിക തടസ്സങ്ങൾ സംബന്ധിച്ച് തീരുമാനം ആകുന്ന മുറയ്ക്ക് ടെണ്ടർ വിളിച്ച്, എഗ്രിമെന്റ് വെച്ച് പ്രവൃത്തി പുനരാരംഭിക്കാവുന്നതും സമയബന്ധിതമായി പൂർത്തീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ